# India-UAE Virtual Summit

February 16, 2022

---

## ഇന്ത്യ-യുഎഇ വെർച്വൽ ഉച്ചകോടി

ഫെബ്രുവരി 16, 2022

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും അബുദാബി കിരീടാവകാശിയും യുഎഇ സായുധ സേനയുടെ ഡെപ്യൂട്ടി സുപ്രീം കമാൻഡറുമായ ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും പങ്കെടുക്കുന്ന വെർച്വൽ ഉച്ചകോടി 2022 ഫെബ്രുവരി 18 ന് നടത്തും. ഇന്ത്യ ആസാദി കാ അമൃത് മഹോത്സവ് എന്ന ആഘോഷമായി സ്വാതന്ത്ര്യത്തിന്റെ 75 മത് വർഷം പരിഗണിക്കുകയും യു.എ.ഇ സ്ഥാപത്തിന്റെ 50 മത് വാർഷികം ആഘോഷിക്കുകായും ചെയ്യുന്ന ഈ വേളയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ സൗഹൃദ ബന്ധത്തിനായുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇരു നേതാക്കളും ഉഭയകക്ഷി സഹകരണം ചർച്ച ചെയ്യുകയും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുകയും ചെയ്യും.

സമീപ വർഷങ്ങളിൽ, ഇന്ത്യയും യുഎഇയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം എല്ലാ മേഖലകളിലും ദൃഢമായിട്ടുണ്ട്, ഇരുപക്ഷവും സമഗ്രമായ നയതന്ത്ര പങ്കാളിത്തം ആരംഭിച്ചിട്ടുമുണ്ട്. പ്രധാനമന്ത്രി 2015, 2018, 2019 വർഷങ്ങളിൽ യുഎഇ സന്ദർശിച്ചപ്പോൾ അബുദാബി കിരീടാവകാശി 2016ലും 2017ലും ഇന്ത്യ സന്ദർശിക്കുകയും ചെയ്തു.വിദേശകാര്യ മന്ത്രിയുടെ മൂന്ന് സന്ദർശനങ്ങളും വാണിജ്യ വ്യവസായ മന്ത്രിയുടെ 2021 ലെ യുഎഇ സന്ദർശനവും ഉൾപ്പെടെ ഇരുപക്ഷവും തമ്മിലുള്ള മന്ത്രിതല സന്ദർശനങ്ങളും തുടർന്നു വരുന്നു.

കോവിഡ് -19 മഹാമാരിയുടെ സമയത്ത് ആരോഗ്യ സംരക്ഷണത്തിന്റെയും ഭക്ഷ്യ സുരക്ഷയുടെയും നിർണായക മേഖലകളിൽ ഇരുപക്ഷവും അടുത്ത സഹകരണമാണ് കാഴ്ച വച്ചത്. ഉഭയകക്ഷി വ്യാപാരം, നിക്ഷേപം, ഊർജ ബന്ധം എന്നിവ ശക്തമായി നിലകൊള്ളുന്നു. പുനരുപയോഗ ഊർജം, സ്റ്റാർട്ടപ്പുകൾ, ഫിൻടെക് തുടങ്ങിയ പുതിയ മേഖലകളിലെ സഹകരണം ഇരുപക്ഷവും ശക്തിപ്പെടുത്തുകയാണ്.ദുബായ് എക്സ്പോ 2020 യിൽ ഏറ്റവും വലിയ പവലിയനുമായാണ് ഇന്ത്യ പങ്കെടുക്കുന്നത്.

ഉഭയകക്ഷി ബന്ധങ്ങളിലെ ഒരു പ്രധാന സംരംഭമാണ് സമഗ്ര സാമ്പത്തിക പങ്കാളിത്ത ഉടമ്പടി (സിഇപിഎ). 2021 സെപ്റ്റംബറിൽ സിഇപിഎ യുടെ ചർച്ചകൾ ആരംഭിച്ചു, അത് പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യ-

യുഎഇ സാമ്പത്തിക വാണിജ്യ ഇടപെടലുകളെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നതിന് ഈ ഉടമ്പടിയ്ക്ക് സാധിക്കുന്നതാണ്. ഇന്ത്യയുടെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയാണ് യുഎഇ, ഉഭയകക്ഷി വ്യാപാര നിക്ഷേപ ബന്ധങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

3.5 ദശലക്ഷത്തോളം വരുന്ന ഒരു വലിയ ഇന്ത്യൻ സമൂഹത്തിന് യുഎഇ ആതിഥേയത്വം വഹിക്കുന്നു. പകർച്ചവ്യാധിയുടെ കാലത്ത് ഇന്ത്യൻ സമൂഹത്തെ പിന്തുണച്ചതിന് യുഎഇ നേതൃത്വത്തോട് പ്രധാനമന്ത്രി ഇന്ത്യയുടെ അഭിനന്ദനം അറിയിച്ചു.രാജ്യത്തിന്റെ വികസനത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ സംഭാവനകളെ യുഎഇ നേതൃത്വവും അഭിനന്ദിച്ചു. കോവിഡ് -19 ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും രണ്ട് രാജ്യങ്ങൾക്കിടയിലുള്ള ആളുകളുടെ സഞ്ചാരം പ്രാപ്തമാക്കിയ, 2020 ലെ പകർച്ചവ്യാധിസമയത്ത് ഒരു എയർ ബബിൾ ക്രമീകരണത്തിന് ഇരുപക്ഷവും സമ്മതിച്ചിരുന്നു.

**ന്യൂ ഡെൽഹി**
**ഫെബ്രുവരി 16, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.